**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 401** **20-07-2022 - ൽ മറുപടിയ്ക്ക്**

**മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ വി ജോയി,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം മുകേഷ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നോൺ മേജർ പോർട്ടുകൾ വികസിപ്പിച്ച് പര്യാപ്തമായ സൗകര്യങ്ങൾ ഏർപ്പെടുത്തി സമുദ്ര വ്യാപാരം വിപുലപ്പെടുത്തുന്നതിൽ സംസ്ഥാന മാരിടൈം ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട നോൺ മേജർ പോർട്ടുകൾ വികസിപ്പിച്ച് സമുദ്രവ്യാപാരം മെച്ചപ്പെടുത്തു വാനാണ് ശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി കേരള മാരിടൈം ബോർഡ് പ്രധാന നോൺ മേജർ തുറമുഖങ്ങളിൽ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. **<u>വിഴിഞ്ഞം</u>**<br><br>വിഴിഞ്ഞം തുറമുഖത്ത് ISPS കോഡ് നടപ്പിൽ വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. വലിയതുറകടൽപ്പാലം റിപ്പയർ ചെയ്യുന്നതിന് ചെന്നൈ ഐ.ഐ.ടിയുടെ ഓഷ്യൻ എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ട് പരിശോധിപ്പിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>**<u>2.കൊല്ലം</u>**<br><br>നിലവിലുള്ള 178 മീ, 101 മീ. നീളമുള്ള വാർഫുകൾ യോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖത്ത് ISPS കോഡ് നടപ്പിലാക്കുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്. കൊല്ലം തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമങ്ങളും പൂർത്തീകരിച്ചുവരുന്നു. തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊജക്ട് റിപ്പോർട്ട് സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖത്തുള്ള ഭൂമിയിൽ container stack yard, container freight station, fish |

| | | | |
|---|---|---|---|
| | | | processing unit എന്നീ പദ്ധതികൾ പരിഗണനയിലാണ്.<br><br>**<u>3. ബേപ്പൂർ</u>**<br><br>ബേപ്പൂർ തുറമുഖത്തെ റോഡ് കണക്ടിവിറ്റി വിപുലീകരിക്കുന്നതിനും റെയിൽ ബന്ധം സ്ഥാപിക്കുന്നതിനും പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. തുറമുഖത്തിന്റെ ആഴം 6 മീ ആയി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി; ആയത് പരിശോധിച്ചുവരുന്നു. പുതിയതായി ഏറ്റെടുത്ത കോവിലകം ഭൂമിയിൽ കണ്ടെയ്നർ സ്റ്റാക്കിംഗ് യാർഡ്, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തുറമുഖ വികസനത്തിന്റെ ഭാഗമായി EDI സംവിധാനം, ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ്, ISPS കോഡ് എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**<u>4. തലശ്ശേരി</u>**<br><br>തലശ്ശേരി കടൽപ്പാലത്തെ പൈതൃകമായി നിലനിർത്തുന്ന തിനായി ചെന്നൈ ഐ.ഐ.ടിയുടെ ഓഷ്യൻ എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ട് പരിശോധിപ്പിച്ച് റിപ്പോർട്ട് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>**<u>5. അഴീക്കൽ</u>**<br><br>അഴീക്കൽ തുറമുഖ വികസനത്തിന്റെ ഭാഗമായി EDI സംവിധാനം, ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ്, ISPS കോഡ്, കപ്പലുകൾക്ക് ശുദ്ധജല വിതരണത്തിനായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചു വരുന്നു. അഴീക്കൽ തുറമുഖത്ത് പൊന്നാനി മാതൃകയിൽ ഒരു ഡ്രഡ്ജ്ഡ് മെറ്റീരിയൽ പ്രൊസ്സസ്സിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>**<u>6. കൊടുങ്ങല്ലൂർ</u>**<br><br>10 കോടി രൂപ ചെലവിൽ ഡ്രഡ്ജിംഗ്, ലാന്റ് റിക്ലമേഷൻ നടപടികൾ പൂർത്തിയാക്കി. |
| (ബി) | തുറമുഖ വ്യവസായ രംഗത്തെ നിക്ഷേപ സാധ്യതകൾ സംരംഭകർക്ക് മുന്നിൽ അവതരിപ്പിക്കാനായി ഓൺലൈൻ നിക്ഷേപക സംഗമം നടത്തിയിരുന്നോ; | (ബി) | സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ നിക്ഷേപ സാധ്യതകളും, തുറമുഖത്ത് നടപ്പാക്കേണ്ട വികസന പദ്ധതികളെപ്പറ്റിയും അവബോധം ലഭിക്കുന്നതിനായി ഈ രംഗത്തെ നിക്ഷേപകരെയും, വിദഗ്ധരെയും ഉൾപ്പെടുത്തി ഒരു ഓൺലൈൻ നിക്ഷേപക സംഗമം സംഘടിപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | ലഭിച്ച പ്രോജക്റ്റുകൾ കേരള മാരിടൈം ബോർഡ് പരിശോധിച്ച് വരുന്നു. |
| (സി) | താല്പര്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ പ്രവർത്തിപഥത്തിൽ എത്തിക്കാൻ മാരിടൈം ബോർഡ് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ നിക്ഷേപ സാധ്യതകളും, തുറമുഖത്ത് നടപ്പാക്കേണ്ട വികസന പദ്ധതികളെപ്പറ്റിയും അവബോധം ലഭിക്കുന്നതിനായി ഈ രംഗത്തെ നിക്ഷേപകരെയും, വിദഗ്ധരെയും ഉൾപ്പെടുത്തി ഒരു ഓൺലൈൻ നിക്ഷേപക സംഗമം സംഘടിപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച പ്രോജക്റ്റുകൾ കേരള മാരിടൈം ബോർഡ് പരിശോധിച്ച് വരുന്നു. |
| (ഡി) | അഴീക്കൽ ഗ്രീൻഫീൽഡ് ഫീഡർ പോർട്ട്, ബേപ്പൂർ, പൊന്നാനി തുടങ്ങിയ വാണിജ്യ പ്രാധാന്യമുള്ള തുറമുഖങ്ങളുടെ വികസന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (ഡി) | അഴീക്കലിൽ നിലവിലുള്ള തെക്കേ പുലിമുട്ടിനു ചേർന്ന് കടലിൽ പുതിയ തുറമുഖം നിർമ്മിക്കുന്നതിനായി മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ് ലിമിറ്റഡ് എന്ന പേരിൽ (മുൻപ് അഴിക്കൽ പോർട്ട് ലിമിറ്റഡ്) പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ട്.<br><br>പദ്ധതിയുടെ DPR മായി ബന്ധപ്പെട്ട് സാങ്കേതിക ഉപദേഷ്ടാവായ Howe Engineering Projects (I) Pvt. Ltd. സമർപ്പിച്ച ഡിസൈൻ സാങ്കേതികമായി അവലോകനം ചെയ്ത് ഉപദേശം സമർപ്പിക്കുന്നതിനായി ചെന്നൈ IIT യെ സമീപിക്കുകയുണ്ടായി. അവർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക ഉപദേഷ്ടാവ് തയ്യാറാക്കി വരുന്ന വിശദമായ പദ്ധതി റിപ്പോർട്ട് (DPR) അന്തിമ ഘട്ടത്തിലാണ്. പാരിസ്ഥിതിക പഠനത്തിനായി State Environmental Impact Assessment Authority (SEIAA) Terms of Reference അംഗീകരിച്ചിട്ടുണ്ട്. ടി പഠനം പുരോഗമി ക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ ഭാരത് മാല പരിയോജന പദ്ധതിയുടെ ഭാഗമായി, NH-66 പോർട്ടുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് PWD, NHAI എന്നിവരുമായി ചർച്ചകൾ നടത്തിവരുന്നു. അഴീക്കലിൽ തുറമുഖം വികസിപ്പിക്കുന്നതിനോടൊപ്പം, തുറമുഖാധിഷ്ഠിത വ്യവസായ മേഖലയുടെയും, പ്രത്യേക സാമ്പത്തിക മേഖലയുടെയും വികസനത്തിന് സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൺസൽട്ടന്റായി Tata Consulting Engineers Ltd. എന്ന കമ്പനിയെ നിയമിച്ചിട്ടുണ്ട്. കടലിൽ രൂപം കൊണ്ട 146.61 ഏക്കർ സ്ഥലം MIPS Ltd. കമ്പനിക്ക് പതിച്ചു നൽകുന്നതിനുള്ള അപേക്ഷ കണ്ണൂർ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.<br><br>പൊന്നാനി തുറമുഖവികസനത്തിനായി മലബാർ പോർട്ട്സ് എന്ന കമ്പനി പ്രൊപ്പോസൽ |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിരുന്നുവെങ്കിലും 200 മീറ്റർ നീളമുള്ള തടയണയല്ലാതെ കാര്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ മേൽ കമ്പനിയുമായി ഏർപ്പെട്ട എഗ്രിമെൻറ് റദ്ദ് ചെയ്യുന്നതിന് നോട്ടീസ് നൽകിയിരിക്കുകയാണ്.<br><br>ബേപ്പൂർ തുറമുഖത്ത് നിലവിലുള്ള വാർഫുകളുടെ ഉള്ളിലേക്കും കടൽ ഭാഗത്തേക്കും പുതിയ ബെർത്ത് നിർമ്മിക്കുന്നതിനുള്ള പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ തുറമുഖത്തെ റോഡ് കണക്ടിവിറ്റി വിപുലീകരിക്കുന്നതിനും റെയിൽ ബന്ധം സ്ഥാപിക്കുന്നതിനും പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. തുറമുഖത്തെ ആഴം 6 മീ ആയി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊജക്ട് റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. പുതിയതായി ഏറ്റെടുത്ത കോവിലകം ഭൂമിയിൽ കണ്ടെയ്നർ സ്റ്റാക്കിംഗ് യാർഡ്, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖ വികസനത്തിന്റെ ഭാഗമായി EDI സംവിധാനം, ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ്, ISPS കോഡ് എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ